LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് എല്ലാ വിഭാഗം ജീവനക്കാർക്കും ഇതുസംബന്ധിച്ച മാർഗ്ഗരേഖ നൽകുകയും അതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ പഠനം നടത്തുന്നതിനായി വിദഗ്ധരെ തെരഞ്ഞെടുത്തുകൊണ്ട് സ്പെഷ്യൽ കമ്മിറ്റികൾ രൂപീകരിച്ച് കേസ് ഫോർമാറ്റുകൾ തയ്യാറാക്കി ഡാറ്റാ കളക്ഷൻ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി പഠനം നടത്തിവരുന്നു. ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്ററിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളുടെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ തിരുവനന്തപുരം, കോഴിക്കോട് ഗവണ്മെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവിഡ് നിരീക്ഷണത്തിലിരിക്കുന്നവർക്കുള്ള ആയുർവേദ പ്രതിരോധ പദ്ധതിയായ അമൃതം, ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതിയായ ഭേഷജം, കോവിഡാനന്തര രോഗങ്ങൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതിയായ പുനർജ്ജനി എന്നിങ്ങനെയുള്ള പ്രമുഖ പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണങ്ങളും അത് സംബന്ധിയായ പഠനങ്ങളും സംസ്ഥാന ആയുഷ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ മേൽനോട്ടത്തിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തിന് പുറത്ത് കോവിഡ് ചികിത്സയിൽ ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോ, നാച്ചുറോപ്പതി തുടങ്ങിയ ചികിത്സാരീതികളുടെ ഫലപ്രാപ്തി സംബന്ധിച്ചു നടത്തിയ പഠന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ ആയുഷ് വിഭാഗങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിനും നിലവിലുള്ള പഠനങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനും പഠനങ്ങളുടെ അടിസ്ഥാനത്തിൽ കോവിഡ് ചികിത്സയിൽ ആയുഷ് വിഭാഗങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച് ജനങ്ങളുടെ ആശയകുഴപ്പം നീക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഇത്തരത്തിലുള്ള പഠന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആയുഷ് വകുപ്പിന്റെ പ്രസക്തി

259 (3287) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച എല്ലാ നിർദ്ദേശങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അതത് സമയങ്ങളിൽ കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് കൂടിയാണ് കോവിഡ് പ്രതിരോധ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 8-4-2020-ലെ സ.ഉ.(സാധാ) നമ്പർ 156/2020/ആയുഷ്, 15-5-2020-ലെ സ.ഉ.(സാധാ) നമ്പർ 180/2020/ആയുഷ് എന്നിവ പ്രകാരം ആയുർവേദ വൈദഗ്ധ്യമനുസരിച്ചുള്ള പ്രതിരോധം, ശമനം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും 21-4-2020-ലെ സ.ഉ.(സാധാ) നമ്പർ 161/2020/ആയുഷ് പ്രകാരം ഹോമിയോപ്പതി വൈദഗ്ധ്യമനുസരിച്ചുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനത്തിനും 20-5-2020-ലെ സ.ഉ.(സാധാ) നമ്പർ 186/2020/ആയുഷ് പ്രകാരം സിദ്ധ വൈദഗ്ധ്യമനുസരിച്ചുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനത്തിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) ഹോമിയോപ്പതി ഗവേഷണത്തിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും സർക്കാർ ആവശ്യമായ ഫണ്ട് നൽകുന്നുണ്ടോ എന്നറിയിക്കാമോ?

ഹോമിയോപ്പതി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 3,55,03,000 രൂപയുടെ അധിക ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന ഹോമിയോപ്പതി വകുപ്പിന്റെ 'ജനനി' പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്നും ഏതൊക്കെ ജില്ലകളിലാണ് ആയത് നടപ്പിലാക്കി വരുന്നതെന്നും വ്യക്തമാക്കാമോ?

കുട്ടികളില്ലാത്ത ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ സന്താനസൗഭാഗ്യം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന വന്ധ്യതാനിവാരണ പദ്ധതിയാണ് 'ജനനി'. എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ മരുന്നുകൾ കൊടുക്കുന്നുണ്ടോയെന്നറിയിക്കാമോ; ഈ മരുന്നുകൾ എവിടെനിന്നുമാണ് വാങ്ങുന്നത് എന്നറിയിക്കാമോ; ആയതിൽ ഹോംകോയുടെ പങ്ക് വ്യക്തമാക്കുമോ; ഹോംകോയ്ക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോയെന്നും മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് കുടിശ്ശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ മരുന്നുകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഈ മരുന്നുകൾ ഹോംകോയിൽ നിന്നാണ് വാങ്ങുന്നത്. ഹോമിയോപ്പതി വകുപ്പിന് മരുന്ന് വാങ്ങുന്നതിന് അംഗീകൃതമായ സ്ഥാപനമാണ് ഹോംകോ. 2210-02-195-99 ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ വിവിധ സാമ്പത്തിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷങ്ങളിൽ ഹോംകോയ്ക്ക് ധനസഹായം അനുവദിക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് സഹായ ധനമായി 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. വിവിധ സർക്കാർ ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് നൽകുന്നതിനായി ഹോംകോയിലേയ്ക്ക് തുക മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. ഈ ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

(ഇ) കേന്ദ്ര ഫണ്ട് ലഭ്യമാക്കുവാൻ എത്ര പ്രൊപ്പോസലുകളാണ് ആയുഷ് വകുപ്പ് സമർപ്പിച്ചതെന്നും ഇതിൽ എത്രയെണ്ണത്തിന് അനുമതി ലഭിച്ചു എന്നും വ്യക്തമാക്കാമോ?

2014-15 മുതൽ നാഷണൽ ആയുഷ് മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ/അപ്രൂവൽ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

(എഫ്) നാഷണൽ ആയുഷ് മിഷനിലേയ്ക്ക് 2019-20 വർഷത്തിലും തുടർന്നുള്ള സാമ്പത്തിക വർഷത്തിലും എത്ര ബിൽഡിംഗ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചുവെന്നും അവയിൽ ഏതിനൊക്കെ അനുമതി ലഭിച്ചുവെന്നും എന്നറിയിക്കാമോ?

കെട്ടിട നിർമ്മാണത്തിനുള്ള ഒരു പ്രൊപ്പോസലാണ് 2019-20 സാമ്പത്തിക വർഷത്തിൽ നാഷണൽ ആയുഷ് മിഷനിൽ സമർപ്പിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ 50 കിടക്കകളുള്ള ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയുടെ നിർമ്മാണത്തിനായുള്ളതായിരുന്നു പ്രസ്തുത പ്രൊപ്പോസൽ. ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഗഡുവായി 2019-20-ൽ ഒരു കോടി രൂപയും 2020-21-ൽ 4.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണപുരോഗതി അനുസരിച്ച് ബാക്കി തുക ലഭിക്കുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി പുതിയതായി പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല.

സിദ്ധ ആശുപത്രി

260 (3288) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly